തീരുമാനിച്ചിരുന്ന കാർകൂന്തൽ വില്ലേജിലെ (ഇപ്പോൾ അയ്യപ്പൻ കോവിൽ വില്ലേജ്) സർവ്വേ നമ്പർ 1/12-ൽപ്പെട്ട 3 ഏക്കർ വസ്തു കോടതി വിധിപ്രകാരം റിസീവർമാർക്ക് കൈമാറ്റം ചെയ്യുകയുണ്ടായി. വാസ്തുശാസ്ത്രം, താന്ത്രികവിധി ഇവയനുസരിച്ച് പ്രസ്തുത സ്ഥലത്ത് (സ്വരാജ് ജംഗ്ഷന് അടുത്തുള്ള തൊപ്പിപ്പാള എന്ന സ്ഥലം) അമ്പലം നിർമ്മിക്കാനായി കെ.എസ്.ഇ.ബി. 1.80 ലക്ഷം രൂപ അടച്ചിട്ടുണ്ട്. ഇപ്രകാരം പുതിയ അമ്പലം പണിയുകയും പഴയ ക്ഷേത്രത്തിലെ വിഗ്രഹം പുതിയ അമ്പലത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്ര ട്രസ്റ്റ് അധികൃതർ അമ്പലത്തിൽ യഥാവിധി പൂജകൾ നടത്തിവരുന്നുണ്ട്.

ചെർക്കളം വൈദ്യുതി സെക്ഷൻ ഓഫീസിൻകീഴിൽ വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

21 (2299) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെർക്കളം വൈദ്യുതി സെക്ഷൻ ഓഫീസിൻകീഴിൽ വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ പേരു വിവരങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇവരുടെ ഓരോരുത്തരുടേയും പേരിൽ പെനാൽറ്റി ഇനത്തിൽ എത്ര രൂപയാണ് ബോർഡ് ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) തുക മുഴുവനായി കക്ഷികളിൽനിന്ന് ഈടാക്കിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒന്ന് (1)

(ബി) ശ്രീമതി കെ. എ. മറിയുമ്മ വൈഫ് ഓഫ് പി.ബി. അബ്ദുള്ള കുഞ്ഞ്, നായൻമാർമൂല വിദ്യാനഗർ.

(സി) 1,20,355 രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരത്തി മുന്നൂറ്റി അൻപത്തഞ്ച് രൂപ)

(ഡി) ശ്രീമതി കെ.എ. മറിയുമ്മ ഇതുവരെ പെനാൽറ്റി തുക അടച്ചിട്ടില്ല.

(ഇ) ഇവർക്കെതിരെ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികൾ നിലവിലുണ്ട്.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം

22 (2300) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിന് മുമ്പ് ഇവയുടെ ഓരോന്നിന്റെയും വൈദ്യുതി ഉല്പാദനശേഷിയും യഥാർത്ഥ ഉല്പാദനവും എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly